ഉത്തരം

(എ) നഗര പ്രദേശങ്ങളിലെ ഉൾപ്പെടെയുള്ള കാവുകളും ആയതിനോട് ചേർന്നുള്ള കുളങ്ങളും സംരക്ഷിക്കാനായുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ആലപ്പുഴ നഗരത്തിൽ എട്ട് കാവുകളുണ്ട്. പൊതു കുളങ്ങളുടെ കണക്ക് ലഭ്യമല്ല.

മണലൂർ നിയോജകമണ്ഡലത്തിൽ കണ്ടൽചെടികൾ, മുളകൾ എന്നിവ വച്ചു പിടിപ്പിക്കുന്നതിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ

113 (5804) ശ്രീ. മുരളി പെരുനെല്ലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ടൽച്ചെടികൾ, മുളകൾ എന്നിവ വച്ചുപിടിപ്പിക്കുന്ന പദ്ധതിയുടെ ഭാഗമായി മണലൂർ നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് ഇവ നട്ടുപിടിപ്പിച്ചത് ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) തൃശൂർ ജില്ലയിലെ മണലൂർ നിയോജകമണ്ഡലത്തിൽ കണ്ടൽചെടികൾ, മുളകൾ എന്നിവ വച്ചുപിടിപ്പിക്കുന്ന പദ്ധതി വനംവകുപ്പ് നടപ്പിലാക്കിയിട്ടില്ല.

(ബി) ബാധകമല്ല.

മൂന്നാറിൽ 17992 ഏക്കർ ഭൂമി സംരക്ഷിത വനമാക്കുന്നതിനുള്ള വിജ്ഞാപനം

114 (5807) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിൽ 17992 ഏക്കർ ഭൂമി സംരക്ഷിത വനമാക്കുന്നതിനുള്ള സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്ന കാര്യം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; ഈ വിജ്ഞാപനം എന്നത്തേക്ക് പുറപ്പെടുവിക്കാൻ കഴിയുമെന്നാണ് കരുതുന്നത് ;

(ബി) പ്രസ്തുത ഭൂമി സംരക്ഷിത വനമാക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കാൻ എന്നാണ് സംസ്ഥാന സർക്കാർ ആദ്യമായി ഉത്തരവ് പുറപ്പെടുവിച്ചത് ;

(സി) സുപ്രീം കോടതിയുടെ എംപവേർഡ് കമ്മിറ്റിയുടെ ഇടപെടൽ ഈ കാര്യത്തിൽ ഉണ്ടായോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly